## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :3539

20.06.2019 ൽ
മറുപടിക്ക്

## വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കുന്ന വാഹന ഉടമകളെ അടക്കി ഭരിക്കാൻ കിട്ടിയ സന്ദർഭമായി പരിശോധനാ സമയം ഉപയോഗിക്കുന്നത് നിർത്തലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) പൊതുനിരത്തിൽ അപകടകരമായ രീതിയിൽ അശ്രദ്ധമായും, അമിത വേഗത്തിലും വാഹനം ഓടിക്കുന്നവർക്കെതിരെയും, റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനം ഓടിക്കുന്ന വർക്കെതിരെയുമാണ് പോലീസ് വകുപ്പ് വാഹനപരിശോധന നടത്തി കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നത്. ഇത്തരം വാഹന പരിശോധനകൾ റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായും കേസന്വേഷണത്തിന്റെ ഭാഗമായും ആണ്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് വിധേയമാകുന്ന വാഹന ഉടമകളോട് മോശമായി പെരുമാറിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| ബി) പോലീസുകാർ പൊതുപ്രവർത്തകരോട് ഇടപെടുമ്പോൾ മാന്യമായ രീതിയിൽ ഇടപെടണമെന്ന് കാണിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | ബി) യും സി) യും ഡി) യും പോലീസ് ഉദ്യോഗസ്ഥർ പൊതുപ്രവർത്തകരോടും, പൊതുജനങ്ങളോടും, വാഹന പരിശോധനാവേളയിലും മാന്യമായി പെരുമാറണമെന്ന് പോലീസ് ആസ്ഥാനത്തെ സർക്കുലർ നം. 06/2012, 11/2013, Executive Directive 07/2015, 51/2018 എന്നിവയിലൂടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) ടൂവീലർ ഓടിക്കുന്ന വൃദ്ധരായവരോട് പോലും വാഹനപരിശോധനാ സമയത്ത് പരുഷവും മനുഷ്യത്വരഹിതവുമായ നിലപാടുകൾ സ്വീകരിക്കുന്നത് നിർത്തലാക്കാൻ സത്വരനടപടികൾ സ്വീകരിക്കുമോ; | |
| ഡി) ഇക്കാര്യത്തിൽ തലസ്ഥാന നഗരിയിലെ പോലീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തെ മറ്റ് ഇടങ്ങളെ അപേക്ഷിച്ച് മാന്യമായ പെരുമാറ്റം കാണിക്കാത്തതായ ആക്ഷേപം ഗൗരവമായി കാണുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ